**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** **09-10-2024 - ൽ മറുപടിയ്ക്ക്**

**ചിറ്റൂർ ഇറിഗേഷൻ ഡിവിഷന് കീഴിലെ കനാലുകൾ വൃത്തിയാക്കി ജലസേചനം നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ ഇറിഗേഷൻ ഡിവിഷന് കീഴിലെ കനാലുകൾ വൃത്തിയാക്കി ജലസേചനം നടത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ചിറ്റൂർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിനു കീഴിലെ കനാലുകളുടെ വാർഷിക ശുചീകരണത്തിനായി NON-PLAN ശീർഷകത്തിലെ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് കനാലുകൾ വൃത്തിയാക്കാനുള്ളതെന്നും ആയത് നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും വിശദമാക്കുമോ; | (ബി) | ചിറ്റൂർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിനു കീഴിൽ 544.4 കി.മീറ്റർ ദൈർഘ്യത്തിൽ മെയിൻ & ബ്രാഞ്ച് കനാലുകൾ ഉണ്ട്. ലഭ്യമായ Non-Plan ഫണ്ട് ഉപയോഗിച്ച് ശുചീകരണ പ്രവൃത്തികൾ ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുവാൻ നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. |
| (സി) | 2024 ഒക്ടോബർ മാസം മുതൽ കൃഷിക്കാവശ്യമായ ജലസേചനം നടത്തുന്നതിനു മുമ്പ് കനാലുകൾ വൃത്തിയാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഒക്ടോബർ മാസം മുതൽ കൃഷിക്ക് ആവശ്യമായ ജലസേചനം നടത്തുന്നതിലേക്കായി കനാലുകളുടെ ശുചീകരണത്തിനായുള്ള വാർഷിക അറ്റകുറ്റ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ